ചേലക്കര മണ്ഡലത്തിൽ മിനി സിവിൽ സ്റ്റേഷൻ

118 (2837) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം നടന്നു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ ഇന്നത്തെ അവസ്ഥ വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്ന് പറയാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപും അതിന് ശേഷവും ഇതിനുവേണ്ടി അനുവദിച്ചിട്ടുള്ള തുക എത്രയാണ് ;

(ഇ) ഈ പദ്ധതിയുടെ കാലാവധി എത്രയാണ് ;

(എഫ്) ഈ മണ്ഡലത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് എത്രയും വേഗം മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒന്നാം നില കോൺക്രീറ്റ് പണികൾ പൂർത്തിയായി. രണ്ടാം നില നിർമ്മാണം പുരോഗതിയിലാണ്. 50 ശതമാനം നിർമ്മാണം പൂർത്തിയായി.

(സി) 48,63,503 രൂപ.

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് തുകയൊന്നും അനുവദിച്ചിട്ടില്ല. അധികാരത്തിൽ വന്നതിനുശേഷം 12,32,401 രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) 12 മാസം.

(എഫ്) നടപടി സ്വീകരിച്ചുവരുന്നു.

പീരുമേട് മണ്ഡലത്തിലെ മരാമത്ത് പണികൾ

119 (2838) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തി വരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ വർക്കിന്റെയും വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly